**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## പത്രക്കുറിപ്പ്

## കീം -2022

## എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള പ്രവേശനം-2022 താത്ക്കാലിക മോപ് അപ് അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

കേരളത്തിലെ സർക്കാർ മെഡിക്കൽ /ദന്തൽ കോളേജുകളിലെയും സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെയും 2022 ലെ എം .ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലെ സംസ്ഥാന ക്വാട്ടാ സീറ്റുകളിലേക്കുള്ള താത്ക്കാലിക മോപ് അപ് അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. അഖിലേന്ത്യാ രണ്ടാം റൗണ്ട് അലോട്ട്മെന്റ് വരെയും സംസ്ഥാന ക്വാട്ട രണ്ടാം റൗണ്ട് അലോട്ട്മെന്റ് വരെയും അഖിലേന്ത്യാ മോപ് അപ് അലോട്ട്മെന്റിലൂടെയും എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ ഒഴിവാക്കിയാണ് സ്റ്റേറ്റ് ക്വാട്ടാ മോപ് അപ് അലോട്ട്മെന്റ് തയ്യാറാക്കിയിട്ടുള്ളത്. **07.12.2022 മുതൽ 10.12.2022 ഉച്ചക്ക് 2.00 മണിവരെ** വിദ്യാർത്ഥികൾ നൽകിയ ഓൺലൈൻ ഓപ്ഷന്റെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് തയ്യാറാക്കിയിട്ടുള്ളത്.

വിദ്യാർത്ഥികൾക്ക് **'KEAM 2022-Candidate Portal' ലെ 'Allotment List'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് കാണാവുന്നതാണ്.

താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് സംബന്ധിച്ച സാധുവായ പരാതികളുണ്ടെങ്കിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **ceekinfo.cee@kerala.gov.in** എന്ന ഇമെയിൽ മുഖാന്തിരം **15.12.2022 ഉച്ചക്ക് 12 മണിക്കുള്ളിൽ** അറിയിക്കേണ്ടതാണ്. സാധുവായ പരാതികൾ പരിഹരിച്ചശേഷമുള്ള അന്തിമ അലോട്ട്മെന്റ് **15.12.2022**- ന് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.12.14 21:59:58 IST
Reason: Approved

തിരുവനന്തപുരം
14/12/2022

**പ്രവേശന പരീക്ഷാ കമ്മീഷണർ**